നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

# 2009 ലെ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ്

2009 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിനുള്ള ഒന്നാം ഘട്ട അലോട്ട്മെന്റ് 17.07.2009 ന് പ്രസിദ്ധീകരിച്ചു.

രണ്ടാം ഘട്ട അലോട്ട്മെന്റ് നടപടിക്രമങ്ങൾ **26.07.2009** ന് ആരംഭിക്കുന്നതാണ്. ഇത് പ്രകാരം വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതിയ കോഴ്സ്/കോളേജുകളിലേക്ക് ഓപ്ഷൻ നൽകുന്നതിനും **26.07.2009 മുതൽ 31.07.2009 വരെ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യമുണ്ടായിരിക്കുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികളെ യാതൊരു കാരണവശാലും അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല. വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും** (OFC) **ഹെൽപ്പ് ഡസ്കുകളും** (HD) സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

ഒന്നാം ഘട്ട അലോട്ട്മെന്റിൽ ലഭിച്ച അലോട്ട്മെന്റ് തൃപ്തികരമാണെങ്കിൽ അവരവരുടെ ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യേണ്ടതാണ്.

### പുതിയ കോളേജ്/കോഴ്സ്

ഒന്നാം ഘട്ട അലോട്ട്മെന്റിൽ ലഭ്യമല്ലാതിരുന്നതും ഇപ്പോൾ ഉൾപ്പെടുത്തിയിട്ടുള്ളതുമായ വിവിധ കോഴ്സുകളിലേക്ക് വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിൽ പുതുതായി ഉൾപ്പെടുത്തിയിരിക്കുന്ന കോളേജ്/കോഴ്സുകൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | കോളേജ് | കോഴ്സ് |
|---|---|---|
| **മെഡിക്കൽ** | (1) ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, എറണാകുളം (SIM) | M B B S |
| | (2) ട്രാവൻകൂർ മെഡിക്കൽ കോളേജ്, കൊല്ലം (TRM) | M B B S |
| **എഞ്ചിനീയറിംഗ്** | (1) ഹിന്ദുസ്ഥാൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കുളത്തുപ്പുഴ, കൊല്ലം (HKE) | CE, ME, EC, CS |
| | (2) അർച്ചന കോളേജ് ഓഫ് എഞ്ചിനീയറിംഗ്, പനമേൽ, ആലപ്പുഴ (ACE) | CS, ME, EC, EE |
| | (3) വലിയ കൂനമ്പായ്കുളത്തമ്മ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി, പാരിപ്പള്ളി, തിരുവനന്തപുരം (VKE) | CS, ME, EC, EE |
| | (4) കെ. ആർ. ഗൗരിയമ്മ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ഫോർ വിമൻ, ചേർത്തല, ആലപ്പുഴ (GWE) | CE, IT, EC, CS |
| | (5) ശ്രീ വെള്ളാപ്പള്ളി നടേശൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, മാവേലിക്കര, ആലപ്പുഴ (VPE) | CE, ME, EC, CS |
| | (6) കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തൃക്കരിപ്പൂർ, കാസറഗോഡ് (TKR) | CE (Additional Course) |

26.07.2009 രാവിലെ 10 മണി മുതൽ 31.07.2009 വൈകുന്നേരം 5 മണി വരെ രജിസ്റ്റർ ചെയ്യുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **04.08.2009** ന് രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്.

**രണ്ടാം ഘട്ട അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | | | |
|---|---|---|---|
| 26.07.2009 - from 10 am | Opening of the option registration facility | | |
| 31.07.2009 - 5 pm | Closing of option registration | | |
| **04.08.2009** | **Second Allotment** | | |
| 05.08.2009 to 08.08.2009 - 12 noon | Candidates allotted to all courses to remit fee/balance fee/deposit at the selected branches of the State Bank of Travancore (**SBT**) | | |
| **10.08.2009** to **12.08.2009** | **Admission to all Courses** | | |
| **Date & Time of Joining Engineering Colleges** | | | |
| Time | 10.08.2009 | 11.08.2009 | 12.08.2009 |
| **9 am** | Civil Engineering (**CE**)<br>Dairy Science & Tech. (**DS**)<br>Agricultural Engg. (**AG**)<br>Food Technology (**FT**)<br>Information Technology (**IT**) | Mechanical Engg. (**ME**)<br>Bio-Technology (**BT**)<br>Mechanical Production Engg. (**MP**) | Electronics & Commn. (**EC**)<br>Applied Electronics (**AE**)<br>Electronics & Instrumentation (**EI**)<br>Printing Technology (**PT**) |
| **1 pm** | Architecture (**AR**)<br>Instrumentation & Control Engg. (**IC**)<br>Biomedical Engg. (**BM**) | Computer Science (**CS**)<br>Industrial Engg. (**IE**)<br>Production Plant (**PP**)<br>Mechanical Automobile (**MA**)<br>Automobile Engg. (**AU**) | Electrical & Electronics (**EE**)<br>Chemical Engg. (**CH**)<br>Polymer Engg. (**PO**)<br>Aeronautical Engg. (**AO**) |
| 13.08.2009 | Colleges to furnish non-joining report to the CEE | | |
| 14.08.2009 | Last date for cancellation of admission in Private Self-financing Engineering Colleges | | |
| **17.08.2009** | **Classes to begin for all Courses** | | |

രണ്ടാം ഘട്ട അലോട്ട്മെന്റിൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷന് അർഹതയുണ്ടായിരിക്കുകയില്ല. ഇപ്രകാരം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടാത്ത വിദ്യാർത്ഥികളുടെ ഫീസ് തിരികെ നൽകുന്നതാണ്. ഈ കോളേജുകളിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് ആഗസ്റ്റ് 14-ാം തീയതി വരെ അഡ്മിഷൻ ക്യാൻസൽ ചെയ്യാവുന്നതാണ്. ഇവർക്ക് ബാങ്കിൽ ഒടുക്കിയ ഫീസ് തിരികെ നൽകുന്നതാണ്. ആഗസ്റ്റ് 14-ാം തീയതിക്കു ശേഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്ന് അഡ്മിഷൻ ക്യാൻസൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് മുഴുവൻ കോഴ്സ് ഫീസും നൽകിയാൽ മാത്രമേ ടി.സിയും മറ്റ് രേഖകളും ലഭിക്കുകയുള്ളൂ. ഈ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലേക്ക് രണ്ടാം ഘട്ട അലോട്ട്മെന്റിനുശേഷം അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല.

രണ്ടാംഘട്ട അലോട്ട്മെന്റ് അനുസരിച്ച് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ചാൽ അവരുടെ ഹയർ ഓപ്ഷനുകൾ പിന്നീടുള്ള ഒരു സ്ട്രീമിലേക്കും അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. ആയതിനാൽ സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടാനാഗ്രഹിക്കാത്ത വിദ്യാർത്ഥികൾ പ്രസ്തുത കോളേജുകളിൽ ഓപ്ഷൻ രേഖപ്പെടുത്തുന്നത് വളരെ ശ്രദ്ധയോടുകൂടിയായിരിക്കണം.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471-2115311, 2115312, 2115313, 2115314, 2115315** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം
25.07.2009